**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** **30-06-2022 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാറശാല നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലജീവൻമിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. 2024 ഓടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജലജീവൻമിഷനിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. |
| (ബി) | മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ; പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലജീവൻമിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. 2024 ഓടു കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജലജീവൻമിഷനിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. |
| (സി) | മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | ജലജീവൻ മിഷനിലുൾപ്പെട്ട പദ്ധതികൾ കൂടാതെ താഴെ പറയുന്ന പദ്ധതികളും പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്.<br><br>1.**ആര്യങ്കോട്-പെരുങ്കടവിള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി (കീഴക്കൻമല കുടിവെള്ള പദ്ധതി)**<br><br>പ്രസ്തുത പദ്ധതിയ്ക്കായി 43.09 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നല്കിയിരുന്നു. പദ്ധതിയുടെ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സാങ്കേതികാനുമതി നല്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആദ്യ ദർഘാസിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ ദർഘാസ് തുറക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കുമായിരുന്നില്ല. പുനർദർഘാസിൽ 3 |

കരാറുകാർ പങ്കെടുത്തെങ്കിലും ഒരാൾ മാത്രമേ യോഗ്യത നേടിയുള്ളൂ. യോഗ്യത നേടിയ കരാറുകാരൻ quote ചെയ്ത തുക അടങ്കൽ തുകയേക്കാളും 25.83% കൂടുതൽ ആയിരുന്നു. ചീഫ് എൻജിനീയറുടെ അധ്യക്ഷതയിലുള്ള ടെൻഡർ കമ്മിറ്റി നിലവിലെ നിയമ പ്രകാരം LMR (Local Market Rate) നിരക്കിൽ ദർഘാസിനു അനുമതി നൽകിയെങ്കിലും quote ചെയ്ത തുകയ്ക്ക് കരാർ അനുമതി നൽകാത്തതിനാൽ പണി ഏറ്റെടുക്കാൻ കരാറുകാരൻ വിസമ്മതിച്ചു. 06.05.2022 ന് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുതിയ നിരക്കനുസരിച്ചുള്ള ടെണ്ടർ 16.05.2022 ന് ക്ഷണിക്കുകയും ചെയ്തു. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 06.06.2022 ആയിരുന്നെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിച്ചിരിക്കയും ആണ്. പുനർ ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 05.07.2022 ആണ്.

**2. കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.**

കാളിപ്പാറ കുടിവെള്ള പദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനു വേണ്ടി പൊൻവിളയിൽ നിന്ന് റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ്സ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ഐ.റ്റി.ഐ പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ നെയ്യാറ്റിൻകര റെയിൽവേ ക്രോസ്സിംഗിന് അനുമതി ലഭ്യമാകാത്തതിനാലും, പൊൻവിളയിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും, മേൽ പറഞ്ഞ പദ്ധതി മാറ്റി നെയ്യാറ്റിൻകര റെയിവേ ക്രോസ്സിംഗിനു മുമ്പായി കാളിപ്പാറയിൽ നിന്നു വരുന്ന പൈപ്പ് ലൈനിൽ നിന്നും ശുദ്ധജലം ടാപ്പ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.റ്റിഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിക്കുന്നതിന് 13.2 കോടി രൂപ രൂപയുടെ ഭരണാനുമതി ജല ജീവൻ മിഷനിലെ അഞ്ചാം എസ്.എൽ.എസ്.എസ്.സി.യിൽ നല്കിയിട്ടുണ്ട്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 13.06.2022 ആയിരുന്നെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിച്ചിരിക്കയും ആണ്. പുനർ ദർഘാസ്

| | | | |
|---|---|---|---|
| | | | സമർപ്പിക്കേണ്ട അവസാന തീയതി 06.07.2022ആണ്.<br><br>സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാലയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്കായി നല്കിയ ഭരണാനുമതിയിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് കൊല്ലയിൽ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് 10.17 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും, ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തിയുടെ കരാർ നൽകുകയും ചെയ്തു. ഈ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.<br><br>മലയോര ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കിഫ്ബിയുടെ 5ഡെപ്പോസിറ്റ് പ്രവർത്തികൾക്കും ഈ മണ്ഡലത്തിൽ അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾക്ക് 3.2കോടി രൂപക്ക് ഭരണാനുമതി നല്കുകയും 2.82കോടി രൂപക്ക് കരാർ നൽകുകയും ചെയ്തു. 80% പ്രവർത്തികൾ പൂർത്തിയായി. പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള പൈപ്പ് ലൈനുകൾ മാറ്റുന്ന പ്രവർത്തികൾക്ക് 8.35 കോടി രൂപയുടെ ഭരണാനുമതി നല്കുകയും 4 ടെണ്ടറുകൾ ആയി പ്രവർത്തികൾ ക്ഷണിക്കുകയും ചെയ്തു. എങ്കിലും ഒരു ടെണ്ടറിന് മാത്രമേ കരാറുകാരെ ലഭിച്ചുള്ളൂ. അത് സൂക്ഷ്മ പരിശോധനയിൽ ആണ്. മറ്റ് 3 ടെണ്ടറുകൾക്കും കരാറുകാരെ ലഭിക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. പുനർ ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതികൾ 27.06.2022, 30.6.2022 എന്നിവ ആണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | അനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | നല്കിയ കണക്ഷനുകളുടെ എണ്ണം (24/06/2022 വരെ) |
|---|---|---|---|
| പാറശ്ശാല | 14827 | 7970.28 | 1139 |
| അമ്പൂരി | 5179 | 3065.73 | 2523 |
| കള്ളിക്കാട് | 3994 | 1803.51 | 3238 |
| കൊല്ലയിൽ | 8637 | 4853.79 | 515 |
| കുന്നത്തുകാൽ | 11087 | 3471.18 | 500 |
| ഒറ്റശേഖരമംഗലം | 5853 | 2331.46 | 218 |
| പെരുങ്കടവിള | 6138 | 4716.44 | 1200 |
| വെള്ളറട | 10947 | 3361.45 | 492 |
| ആര്യൻകോട് | 6645 | 3849.80 | 0 |
| **ആകെ** | **73307** | **35423.64** | **9825** |